**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 892** **07-12-2022 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ കോളനികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>1. **ഭക്ഷ്യസഹായ പദ്ധതി** :- പാലമേൽ വള്ളികുന്നം ഗ്രാമപഞ്ചായത്തുകളിലെ 20 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മൺസൂൺ കാലത്ത് ഫുഡ്സപ്പോർട്ട് പദ്ധതി പ്രകാരം നൽകുന്ന ഭക്ഷ്യകിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.<br><br>2. **ഓണസമ്മാന വിതരണം** :- പാലമേൽ, വള്ളികുന്നം ഗ്രാമപഞ്ചായത്തുകളിലെ 60 വയസ്സിന് മുകളിൽ പ്രായമുള്ള 6 പട്ടികവർഗ്ഗക്കാർക്ക് ഓണസമ്മാനമായി 1000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>3. **വിവാഹധനസഹായ പദ്ധതി** :-<br><br>വള്ളികുന്നം ഗ്രാമപഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് വിവാഹധനസഹായ പദ്ധതി പ്രകാരം ഒരുലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>4. **സ്വയംതൊഴിൽ പദ്ധതി** :- പാലമേൽ ഗ്രാമപഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് സ്വയംതൊഴിൽ ചെയ്യുന്നതിന് മരംവെട്ട് മെഷീൻ വാങ്ങി<br><br>നൽകിയിട്ടുണ്ട്.<br><br>5. **ചികിത്സാ ധനസഹായ പദ്ധതി** :- നൂറനാട് ഗ്രാമപഞ്ചായത്തിലെ രണ്ട് പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായമായി 8000/- രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 6. **<u>ജനനീ ജന്മരക്ഷ പദ്ധതി</u>** :- തഴക്കര ഗ്രാമപഞ്ചായത്തിലെ ഒരു ഗുണഭോക്താവിന് ജനനി ജന്മരക്ഷ പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.<br><br>പിന്നോക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | മാവേലിക്കര മണ്ഡലത്തിലെ കോളനികളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | കോളനികളുടെ നവീകരണത്തിന് പൊതുവായ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല എങ്കിലും മാവേലിക്കര മണ്ഡലത്തിലെ വള്ളികുന്നം, പാലമേൽ പഞ്ചായത്തുകളിൽ ഭൂമി വാങ്ങി നൽകി പുനരധിവസിപ്പിച്ച 10 കുടുംബങ്ങൾക്ക് വീട് നിർമ്മാണം, കുടിവെള്ള പദ്ധതി, സ്വയംതൊഴിൽ പദ്ധതി എന്നിവ പ്രകാരം ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. വള്ളികുന്നത്ത് പുനരധിവസിപ്പിച്ച ആറ് കുടുംബങ്ങൾക്ക് കാർഷികാവശ്യങ്ങൾക്കായി 3,00,000/- രൂപ ധനസഹായം നൽകുന്ന പദ്ധതിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

പിന്നോക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

| പദ്ധതി | എണ്ണം | തുക |
|---|---|---|
| ആശ്വാസകിരണം വായ്പ | 1 | 43000/- |
| വിദ്യാഭ്യാസ വായ്പ പദ്ധതി | 1 | 15,00,000/- |
| എന്റെ വീട് (ഭവന നിർമ്മാണ വായ്പാ പദ്ധതി) | 1 | 5,00,000/- |
| പെൺകുട്ടികളുടെ വിവാഹ വായ്പ പദ്ധതി | 2 | 3,40,000/- |
| വ്യക്തിഗത വായ്പ പദ്ധതി | 9 | 26,10,000/- |
| റീ-ടേൺ സ്വയം തൊഴിൽ വായ്പ പദ്ധതി | 1 | 10,00,000/- |
| സ്വയം തൊഴിൽ പദ്ധതി -1 | 23 | 59,65,000/- |
| സ്വയം തൊഴിൽ പദ്ധതി -2 | 2 | 6,00,000/- |
| സ്വയം തൊഴിൽ പദ്ധതി (റീ - ലൈഫ്) | 1 | 1,00,000/- |
| സ്വയം തൊഴിൽ പദ്ധതി (പ്രവർത്തന മൂലധന വായ്പ) | 1 | 2,80,000/- |
| സുവർണ്ണ ശ്രീ വായ്പ | 13 | 33,29,000/- |
| പ്രവർത്തന മൂലധന വായ്പ | 2 | 6,00,000/- |
| **ആകെ** | **57** | **1,68,67,000/-** |

സെക്ഷൻ ഓഫീസർ